# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 412 — 28.06.2012 ൽ -മറുപടിക്ക്

## റേഷൻ കാർഡുടമകൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡിയിൽ മാറ്റം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ<br>'' കെ.കെ. നാരായണൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. എം. ഹംസ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡുടമകൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡിയിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇത്തരം മാറ്റം വരുത്തുന്നതിലൂടെ ഉദ്ദേശിക്കുന്നതെന്താണ്; | (എ) | സംസ്ഥാനത്ത് റേഷൻ കാർഡുടമകൾക്ക് നൽകി വരുന്ന മണ്ണെണ്ണ സബ്സിഡിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സബ്സിഡി നൽകുന്ന രീതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നു. മണ്ണെണ്ണയുടെ സബ്സിഡി നേരിട്ട് പണമായി റേഷൻ കാർഡുടമയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പുതിയ സമ്പ്രദായമനുസരിച്ച് ബി.പി.എൽ കാർഡുടമകളടക്കം എല്ലാവരും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ടോ; | (ബി) | പുതിയ പദ്ധതിയനുസരിച്ച് എല്ലാ റേഷൻകാർഡുടമകളും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ട്. |
| (സി) | മുൻപ് ആവശ്യപ്പെട്ട പ്രകാരം വളരെയേറെ ഉപഭോക്താക്കൾ പോസ്റ്റൽ എസ്.ബി അക്കൗണ്ട് തുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മുമ്പ് പോസ്റ്റൽ എസ്.ബി. അക്കൗണ്ട് തുടങ്ങാൻ ഈ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | ഇത്തരത്തിലുള്ള മാറ്റം സാധാരണ ഉപഭോക്താക്കളെ കാര്യമായി ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | സർക്കാർ വൻ സബ്സിഡി നൽകിയാണ് നിലവിലുള്ള നിരക്കിൽ മണ്ണെണ്ണ നൽകിവരുന്നത്. ഇതിന്റെ ഗുണഫലം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഈ പദ്ധതി സഹായിക്കുന്നു. തുടക്കത്തിൽ സാങ്കേതികമായ ചില ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ തന്നെയും സാധാരണ ഉപഭോക്താക്കളെ സംബന്ധിച്ച് ഈ പദ്ധതി വളരെ സഹായകരമായിരിക്കും എന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ